നിരീക്ഷിക്കേണ്ടതുണ്ട്. കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത് നീക്കം ചെയ്യുന്നതിനും ഒഴിപ്പിക്കാൻ കഴിയാത്ത കൈയ്യേറ്റങ്ങൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതാണ്. സേനയിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് നടന്നുവരുന്നത്. ഫോഴ്സിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ബീറ്റ് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) നിലവിൽ ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം ഇടുക്കി ജില്ലയിൽ മാത്രമാണുള്ളത്.

(സി) ഇടുക്കി ജില്ലയിൽ മാത്രം.

(ഡി) നിലവിലുള്ള റവന്യൂ സംവിധാനങ്ങൾ ഇതിന് പര്യാപ്തമാണ്.

(ഇ) ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ വിവിധ വില്ലേജുകളിലായി 424.76 ഏക്കർ ഭൂമിയും, ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ 481.37 ഏക്കർ ഭൂമിയും റവന്യൂ ഉദ്യോഗസ്ഥരും ഭൂസംരക്ഷണ സേനയും ചേർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

പൊതുവിതരണ ശൃംഖലവഴി വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ

8 (*248) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; അത്തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലഹരണപ്പെട്ടതും ഗുണമേന്മയില്ലാത്തതുമായ ഉല്പന്നങ്ങൾ പൊതുവിതരണ ശൃംഖലവഴി വില്പനയുമായി ബന്ധപ്പെട്ട പരിതികൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങൾ വില്പനതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അവയുടെ വിപണനം തടയാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഈയിടെ കോടതി നിരോധിച്ച മാഗി എന്ന ഉല്പന്നം സപ്ലൈകോവഴി വിപണനം നടത്തിയിരുന്നോ ;

(ഇ) നിരോധിക്കപ്പെട്ട മറ്റേതെല്ലാം ഉല്പന്നങ്ങൾ സപ്ലൈകോവഴി വിപണനം നടത്തുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

.(എഫ്) പൊതുവിതരണ ശൃംഖലവഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്. സപ്ലൈകോ വാങ്ങുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് ഒരു ഗുണമേന്മാ നിലവാരം നിഷ്കർഷിച്ചിട്ടുള്ളതും ഇത് ഉറപ്പാക്കുന്നതിന് സപ്ലൈകോയുടെ ഒരു പ്രത്യേക ഗുണമേന്മാ പരിശോധന വിഭാഗം നിലവിലുള്ളതുമാണ്. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചശേഷം മാത്രമേ സപ്ലൈകോ ഡിപ്പോകളിൽ സ്വീകരിക്കാറുള്ളൂ. ശബരി ബ്രാൻഡിൽ സപ്ലൈകോ വിപണനം നടത്തുന്ന സാധനങ്ങളുടെ സാമ്പിളുകൾ റാൻഡമായി എടുത്ത് NABL അംഗീകൃത ലാബുകളിലോ, സി.എഫ്.ആർ.ഡി ലാബിലോ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. സപ്ലൈകോ വാങ്ങുന്ന പൊതുവിപണിയിൽ ഡിമാന്റുള്ള മൾട്ടി നാഷണൽ കമ്പനികളുടേയും, തദ്ദേശീയ കമ്പനികളുടേയും ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം അടിസ്ഥാനപരമായി അതാതു കമ്പനികൾക്കാണ്. എന്നാൽ ഇവയുടേയും സാമ്പിളുകൾ റാൻഡമായി എടുത്ത് സി.എഫ്.ആർ.ഡി യിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഗുണമേന്മാ വ്യത്യാസം ഉണ്ടായാൽ ആ ബാച്ചിലെ ഉൽപ്പന്നങ്ങൾ പിൻവലിച്ച് പുതിയത് മാറ്റി വാങ്ങുന്നുണ്ട്. ഇങ്ങനെ തുടർച്ചയായി വീഴ്ച കണ്ടാൽ അവരിൽ നിന്ന് പിഴ ഈടാക്കുന്നതും ബന്ധപ്പെട്ട കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്. സപ്ലൈകോ വിൽപ്പനശാലകളിൽ നിന്നും വാങ്ങുന്ന ഭക്ഷ്യധാന്യങ്ങളിൽ എന്തെങ്കിലും ഗുണമേന്മാകുറവ് ബോധ്യപ്പെട്ടാൽ ഉപഭോക്താക്കൾക്ക് അത് മാറ്റി വാങ്ങുന്നതിനോ/നൽകിയ തുക തിരികെ ആവശ്യപ്പെടാവുന്നതോ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) കാലഹരണപ്പെട്ട ഉൽപ്പന്നങ്ങളോ, ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളോ സപ്ലൈകോ വിൽപ്പനശാലകൾവഴി വിൽക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സപ്ലൈകോയിൽ ഇ-ടെണ്ടർ മുഖേന വാങ്ങുന്ന സാധനങ്ങൾക്ക് സപ്ലൈയർ 60 ദിവസത്തെ വാറന്റി നൽകുന്നു. സാധനങ്ങൾ ഗുണമേന്മാ പരിശോധയ്ക്കുശേഷം സ്വീകരിച്ചിട്ട്, മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ എന്തെങ്കിലും കുറവ് ശ്രദ്ധയിൽപ്പെട്ടാൽ സപ്ലൈയർമാരിൽ നിന്ന് അത് മാറ്റി വാങ്ങിക്കാറുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിലെ നീക്കിയിരുപ്പുള്ള സാധനങ്ങൾ കാലഹരണ പരിധിയെത്തുന്നതിന് മുൻപ് തന്നെ അവ ബന്ധപ്പെട്ട ഉൽപ്പാദകരിൽ നിന്നും മാറ്റി വാങ്ങുവാൻ ഷോപ്പ് മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സപ്ലൈകോവഴി മാഗി എന്ന ഉൽപ്പന്നം വിപണനം നടത്തിയിരുന്നു. എന്നാൽ പരാതികളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകി. ഇപ്പോൾ സപ്ലൈകോ വിൽപ്പനശാലകളിൽ മാഗി എന്ന ഉൽപ്പന്നം ലഭ്യമല്ല.

(ഇ) നിരോധിയ്ക്കപ്പെട്ട ഉല്പന്നങ്ങൾ ഒന്നുംതന്നെ സപ്ലൈകോവഴി വിപണനം നടത്തുന്നില്ല.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ, സപ്ലൈകോ ക്വാളിറ്റി വിഭാഗം ഉറപ്പാക്കുന്നുണ്ട്.

റോഡ് വികസനം

9 (*249)) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ വികസനത്തിനായി നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനും സ്വകാര്യ മേഖലയെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly